**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1057** **24-02-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യമാർക്കറ്റുകൾ ആധുനിക മത്സ്യമാർക്കറ്റുകളായി നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ അത്യാധുനിക സംവിധാനങ്ങൾ അടങ്ങുന്ന ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം എന്നീ സംവിധാനങ്ങളോട് കൂടിയ വിപണന സ്റ്റാളുകൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും ഓരോ മാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥല ലഭ്യത അനുസരിച്ച് ഓരോ മത്സ്യമാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പ് വരുത്തുന്നതാണ്. ഭാഗികമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 5.15 കോടി രൂപയുടെ രണ്ട് മത്സ്യമാർക്കറ്റുകളും കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് വഴി ആലപ്പുഴ ജില്ലയിലെ അരൂർ, കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ എന്നീ മത്സ്യമാർക്കറ്റുകൾ സർക്കാർ ധനസഹായത്തോടു കൂടി നവീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | ഇതിനായി സംസ്ഥാനത്തെ വിവിധ മത്സ്യമാർക്കറ്റുകൾ തിരഞ്ഞെടുക്കുന്നതിനുള്ള | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രാഥമിക പരിശോധനയുടെയും ജനപ്രതിനിധികളുമായി |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | | ആശയവിനിമയം നടത്തിയ ശേഷം സാങ്കേതിക ശുപാർശയുടെ അടിസ്ഥാനത്തിലുമാണ് പദ്ധതി തെരെഞ്ഞെടുക്കുന്നത്. |
| (സി) | മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (സി) | വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫീസിബിലിറ്റി സ്റ്റഡി നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ